## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ . 1192 — 08.02.2013 ലെ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിൽ ഐ.ഐ.ടി

| ചോദ്യം<br>ശ്രീ. എം. ഹംസ | ഉത്തരം<br>ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) പാലക്കാട് ജില്ലയിൽ ഐ.ഐ.ടി. സ്ഥാപിക്കും എന്ന പ്രഖ്യാപനം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് നടപടി ഇതുവരെ സ്വീകരിച്ചു; വിശദമാക്കുമോ; | എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പുതിയ ഐ.ഐ.ടി അനുവദിക്കുകയാണെങ്കിൽ കേരളത്തിന്റെ ആവശ്യവും പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്. ഐ.ഐ.ടി സ്ഥാപിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ 237.04 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ 273.22 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) ജില്ലയിൽ എവിടെയാണ് ഐ.ഐ.ടി. സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്; | ബി) പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിലാണ് ഐ.ഐ.ടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) ആയതിലേക്ക് എത്ര കോടിരൂപ അനുവദിച്ചു; എന്ത് തുക ചെലവഴിച്ചു; എന്തിനൊക്കെ ചെലവഴിച്ചു; വിശദാംശം അറിയിക്കുമോ ; | സി) 273.22 ഏക്കർ ഭൂമി ഏറ്റെടുക്കാനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പക്ഷെ ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല. |
| ഡി) പ്രസ്തുത ഐ.ഐ.ടി-യ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; | ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പുതിയ ഐ.ഐ.ടി അനുവദിക്കുകയാണെങ്കിൽ കേരളത്തിന്റെ ആവശ്യവും പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. |
| ഇ) പ്രസ്തുത ഐ.ഐ.ടി. എപ്പോൾ ആരംഭിക്കാൻ സാധിക്കും വ്യക്തമാക്കുമോ ? | ഇ) കേന്ദ്ര സർക്കാറിന്റെ ഔദ്യോഗികമായ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമെ ഐ.ഐ.ടി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ